## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.420 1/12/2015-ൽ മറുപടിക്ക്

## ആലംകോട് ഓവർസീയർ ഓഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആലംകോട് ഇലക്ട്രിസിറ്റി ബോർഡ് ഓവർസീയർ ഓഫീസിൽ കറന്റ് ചാർജ് അടയ്ക്കുവാൻ സൗകര്യമൊരുക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br><br>(ബി) മൂന്ന് ഗ്രാമപഞ്ചായത്തുകൾക്ക് ഗുണകരമാകുന്ന പ്രസ്തുത സൗകര്യം എത്രയും വേഗം നടപ്പിലാക്കാമോ; | **(എ) യും (ബി) യും**<br><br>നിലവിൽ വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിന് സെക്ഷൻ ഓഫീസുകൾ, കെ എസ് ഇ ബി.എൽ. നേരിട്ട് നടത്തുന്ന കളക്ഷൻ സെന്ററുകൾ എന്നിവയ്ക്ക് പുറമേ ഫ്രണ്ട്സ് ജനസേവന കേന്ദ്രം /അക്ഷയ സെന്ററുകൾ എന്നിവിടങ്ങളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് സംവിധാനം ഉപയോ ഗപ്പെടുത്തി കേരളത്തിലുടനീളമുള്ള ഉപഭോക്താ ക്കൾക്കും ഓൺലൈനായി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം വൈദ്യുതി ബോർഡ് ലിമിറ്റഡ് നല്കുന്നുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ പോകാതെ തന്നെ ഉപഭോക്താ ക്കൾക്ക് ബിൽ തുക അടയ്ക്കാൻ സാധിക്കും. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസു കളേയും ഇന്റർനെറ്റിലൂടെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ജോലികൾ ദ്രുത ഗതിയിൽ പൂർത്തിയായി വരുന്നു. ഇതോടുകൂടി എല്ലാ ഉപഭോക്താക്കൾക്കും അവർക്ക് സൗകര്യപ്രദമായ സെക്ഷൻ ഓഫീസുകളിൽ പണം അടയ്ക്കുന്നതിനും സൗകര്യം ലഭിക്കുന്നതാണ്. ഈ കാരണങ്ങളാൽ ആലംകോട് ഓവർസിയർ ഓഫീസിൽത്തന്നെ കറന്റ് ചാർജ്ജ് അടയ്ക്കേണ്ടതിനുള്ള ആവശ്യകത വരുന്നില്ല. |
| (സി) ആലംകോട് ഓവർസീയർ ഓഫീസ്, സെക്ഷൻ ഓഫീസാക്കി ഉയർത്തുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**